REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 27-05-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

1. റിമൽ ചുഴലിക്കാറ്റ് കര തൊട്ടു.കൊൽക്കത്തെയിൽ ഒട്ടേറെ റോഡുകൾ വെള്ളത്തിനടിയിലായി, നിരവധി മരങ്ങൾ കടപുഴകി. ഒരു മരണം.
2. ഏഴാമത്തെയും അവസാനത്തെയും ഘട്ട വോട്ടെടുപ്പിന് പ്രചാരണം കൂടുതൽ ഊർജ്ജിതമായി. പരസ്യ പ്രചാരണം വ്യാഴാഴ്ച വൈകിട്ട് അവസാനിയ്ക്കും.
3. കരസേനാ മേധാവി ജനറൽ മനോജ് പാണ്ഡെയുടെ സേവനം അടുത്ത മാസം 30 വരെ നീട്ടി.
4. അന്താരാഷ്ട്ര വ്യാജ ഇൻകമിംഗ് കോളുകൾ തടയുന്നതിന് കേന്ദ്രഗവൺമെന്റ് ടെലികോം സേവന ദാതാക്കൾക്ക് നിർദ്ദേശം നൽകി.
5. IPL ക്രിക്കറ്റ് കിരീടം കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന്. ഹൈദരാബാദിനെ തോൽപ്പിച്ചത് എട്ട് വിക്കറ്റിന്.

## വാർത്തകൾ വിശദമായി

**റിമൽ ചുഴലിക്കാറ്റ് കര തൊട്ടു. ബംഗ്ലാദേശിലെ ഖെപുരാരയ്ക്കും, പശ്ചിമ ബംഗാളിലെ സൗത്ത് 24 പർഗാനാസ് ജില്ലയിലെ സാഗറിനും ഇടയിലാണ് റിമൽ ചുഴലിക്കാറ്റ് തീരം കടന്നത്. ഇന്നലെ രാത്രി 10.30 നും പുലർച്ചെ 12.30 നുമിടയിലാണ് ചുഴലിക്കാറ്റ് ആഞ്ഞടിച്ചതെന്ന് ആലിപ്പൂർ ഏരിയ ചുഴലിക്കാറ്റ് മുന്നറിയിപ്പ് കേന്ദ്രം മേധാവി ഹബീബ് റഹ്മാൻ ബിശ്വാസ് വെളിപ്പെടുത്തി.**

**ചുഴലിക്കാറ്റ് വടക്കു ഭാഗത്തേക്ക് നീങ്ങുമെന്നും തുടർന്ന് വടക്ക്, വടക്കു-കിഴക്കു ഭാഗത്തേക്ക് നീങ്ങി ഇന്ന് രാവിലെയോടെ ക്രമേണ**

ദുർബലമാകുമെന്നും അദ്ദേഹം അറിയിച്ചു. മണിക്കൂറിൽ 110 മുതൽ 120 വരെ കിലോമീറ്റർ വേഗത്തിലാണ് ചുഴലിക്കാറ്റ് ആഞ്ഞു വീശിയത്. കൊൽക്കത്തയിൽ ഒട്ടേറെ റോഡുകൾ വെള്ളത്തിനടിയിലായി, നിരവധി മരങ്ങൾ കടപുഴകി. ഇവ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കി വരികയാണെന്ന് മേയർ ഫിർഹാദ് ഹക്കീം അറിയിച്ചു. വീട് തകർന്ന് ഒരാൾ മരിച്ചതായും റിപ്പോർട്ടുണ്ട്. ബരുൺഹാത്, പർശാനാബാദ് നദികളിൽ അണക്കെട്ടുകൾക്ക് ചോർച്ച സംഭവിച്ചതായും റിപ്പോർട്ടുകൾ പറയുന്നു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.....(വോയ്സ്)...........

റിമൽ ചുഴലിക്കാറ്റിനെ തുടർന്ന് നോർത്ത്, സൗത്ത് 24 പർഗാനാസ് ജില്ലയിലെ സുന്ദർബനിലും തീരപ്രദേശങ്ങളിലും അതിശക്തമായ മഴ ലഭിക്കുന്നതായാണ് റിപ്പോർട്ട്. ഹൗറ, ഹൂഗ്ലി, കൊൽക്കത്ത, നാദിയ ജില്ലകളിലും മാൾഡയിലും മഴ ലഭിക്കുന്നുണ്ട്. കൊൽക്കത്ത നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും ശക്തമായ കാറ്റ് വീശുകയാണ്.

റിമലിന്റെ സ്വാധീനത്തിൽ വേലിയേറ്റം മൂലം സുന്ദർബനിലെ വലിയൊരുഭാഗം വെള്ളത്തിനടിയിലായി. കടുവകളും മാനുകളും ഉൾപ്പെടെ വിവിധ വന്യമൃഗങ്ങൾക്ക് ഇത് ഭീഷണി സൃഷ്ടിക്കുന്നുണ്ട്. നൂറിലധികം ശുദ്ധജലാശയങ്ങളും വെള്ളത്തിനടിയിലായി. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സഹായിക്കാൻ പശ്ചിമ ബംഗാളിൽ 14 സംഘങ്ങളെ വിന്യസിച്ചിട്ടുണ്ടെന്ന് ദേശീയ ദുരന്ത പ്രതികരണ സേന അറിയിച്ചു. ഇതിനു പുറമെ, ആവശ്യാനുസരണം പ്രയോജനപ്പെടുത്താൻ അധിക ടീമുകളെയും നിയോഗിച്ചിട്ടുണ്ട്.

ബംഗ്ലാദേശ് തീരപ്രദേശങ്ങളിൽ നിന്ന് എട്ട് ലക്ഷത്തിലധികം ആളുകളെയാണ് ഒഴിപ്പിച്ചത്. 8,000 മുതൽ 9,000 വരെ ഷെൽട്ടറുകൾ തയ്യാറാക്കിയിട്ടുണ്ടെന്ന് ബംഗ്ലാദേശ് ദുരന്ത നിവാരണ, ദുരിതാശ്വാസ മന്ത്രി M.D മൊഹിബുർ റഹ്മാൻ പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ഡൽഹിയിൽ ചേർന്ന യോഗം റിമൽ ചുഴലിക്കാറ്റിനെ നേരിടാൻ തയ്യാറെടുപ്പ് അവലോകനം ചെയ്തു. ദേശീയ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി പശ്ചിമ ബംഗാൾ ഗവൺമെന്റുമായി നിരന്തരം ബന്ധപ്പെടുന്നുണ്ടെന്ന് കൂടിക്കാഴ്ചയിൽ പ്രധാനമന്ത്രിയെ അറിയിച്ചു. തെക്കൻ ബംഗാൾ ഉൾക്കടലിലേക്കും ആൻഡമാൻ കടലിലേക്കും പോകരുതെന്ന് എല്ലാ

മത്സ്യത്തൊഴിലാളികളോടും നിർദേശിച്ചിട്ടുണ്ട്. ഒരു ലക്ഷത്തോളം പേരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിയതായും യോഗത്തിൽ അറിയിച്ചു.

സംസ്ഥാന ഗവൺമെന്റിന് കേന്ദ്രം പൂർണ പിന്തുണ നൽകിയിട്ടുണ്ടെന്നും അത് തുടരണമെന്നും യോഗത്തിൽ പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ഏഴാമത്തെയും അവസാനത്തെയും ഘട്ട വോട്ടെടുപ്പിന് പ്രചാരണം കൂടുതൽ ഊർജ്ജിതമായി. പരസ്യ പ്രചാരണം വ്യാഴാഴ്ച വൈകിട്ട് അവസാനിയ്ക്കും. ഏഴ് സംസ്ഥാനങ്ങളിലെയും ചണ്ഡിഗഡിലെയും 57 ലോക്സഭാ മണ്ഡലങ്ങളാണ് അവസാന ഘട്ടത്തിൽ വിധിയെഴുതുന്നത്. പഞ്ചാബിലും ഉത്തർപ്രദേശിലും 13 വീതവും പശ്ചിമ ബംഗാളിൽ ഒൻപതും ബീഹാറിൽ എട്ടും ഒഡീഷയിൽ ആറും ഹിമാചൽ പ്രദേശിൽ നാലും ജാർഖണ്ഡിൽ മൂന്നും ഛണ്ഡീഗഡിൽ ഒന്നും മണ്ഡലങ്ങളിലാണ് ശനിയാഴ്ച വിധിയെഴുത്ത്.

രാഷ്ട്രീയ പാർട്ടികളുടെ ദേശീയ സംസ്ഥാന നേതാക്കൾ പ്രചാരണ രംഗത്ത് സജീവമാണ്.

✪✪✪

കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഹിമാചൽ പ്രദേശിൽ ഇന്നലെ തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്തു. ഉനയിലും, നഹാനിലുമായിരുന്നു തിരഞ്ഞെടുപ്പ് പ്രചാരണം.

കോൺഗ്രസ് അധികാരത്തിൽ വന്നാൽ ഓരോ പാവപ്പെട്ട സ്ത്രീയുടെയും അക്കൗണ്ടിലേക്ക് പ്രതിവർഷം ഒരു ലക്ഷം രൂപ വീതം നിക്ഷേപിക്കുമെന്ന് രാഹുൽഗാന്ധി വാഗ്ദാനം ചെയ്തു. കർഷകർക്ക് മിനിമം താങ്ങുവിലയും, യുവാക്കൾക്ക് ഗവൺമെന്റ് മേഖലയിൽ 30 ലക്ഷം തൊഴിലും ലഭ്യമാക്കുന്നതിന് നിയമപരമായ ഗ്യാരണ്ടി നൽകുമെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ 10 വർഷത്തിനിടെ 22 വ്യക്തികളുടെ 16 ലക്ഷം കോടി രൂപയുടെ വായ്പ എഴുതിത്തള്ളിയെന്നും രാഹുൽ ഗാന്ധി പ്രധാനമന്ത്രി നരേന്ദ്ര മോദിയെ വിമർശിച്ചു.

✪✪✪

കരസേനാ മേധാവി ജനറൽ മനോജ് പാണ്ഡെയുടെ സേവനം അടുത്ത മാസം 30 വരെ ഒരു മാസത്തേക്ക് നീട്ടാൻ കേന്ദ്രമന്ത്രിസഭയുടെ

നിയമനകാര്യ സമിതി അംഗീകാരം നൽകി. ഈ മാസം 31 ന് അദ്ദേഹം വിരമിക്കാനിരിക്കെയാണ് കാലാവധി നീട്ടിനൽകിയത്. 2022 ഏപ്രിൽ 30-നാണ് ജനറൽ മനോജ് പാണ്ഡെയെ കരസേനാ മേധാവിയായി നിയമിച്ചത്.

✪✪✪

ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവാഹർലാൽ നെഹ്രുവിന്റെ അറുപതാം ചരമ വാർഷികദിനമായ ഇന്ന് രാജ്യം നെഹ്രുവിനു ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു.ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായി ഇന്ത്യയെ ഉയർത്തുന്നതിന് പ്രയത്നിച്ച നേതാവായിരുന്നു ജവഹർലാൽ. വിശ്വചരിത്രാവലോകനം ഉൾപ്പെടെ നിരവധി ഗ്രന്ഥങ്ങൾ രചിച്ചു ലോകത്തിനു വിജ്ഞാനത്തിന്റെ വഴികാട്ടിയ നേതാവുകൂടിയായിരുന്നു നെഹ്റു.1889 നവംബർ14 ന് ജനിച്ച അദ്ദേഹം 1964 മെയ് 27 നാണ് അന്തരിച്ചത്.

✪✪✪

ജവഹർലാൽ നെഹ്റുവിന്റെ 60-ാം ചരമ വാർഷിക ദിനാചരണം ജവഹർലാൽ നെഹ്റു എഡ്യൂക്കേഷനൽ ആന്റ് കൾച്ചറൽ അക്കാദമിയുടെ ആഭിമുഖ്യത്തിൽ ഇന്ന് വൈകിട്ട് കോഴിക്കോട്ട് സംഘടിപ്പിക്കും. KPCC മുൻ പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും.

✪✪✪

അന്താരാഷ്ട്ര വ്യാജ ഇൻകമിംഗ് കോളുകൾ തടയുന്നതിന് കേന്ദ്രഗവൺമെന്റ് ടെലികോം സേവന ദാതാക്കൾക്ക് നിർദ്ദേശം നൽകി. ഇന്ത്യൻ മൊബൈൽ നമ്പറുകൾ പ്രദർശിപ്പിച്ച്, തട്ടിപ്പുകാർ രാജ്യത്തെ ജനങ്ങൾക്ക് അന്താരാഷ്ട്ര വ്യാജ കോളുകൾ ചെയ്ത്, സൈബർ കുറ്റകൃത്യങ്ങളും സാമ്പത്തിക തട്ടിപ്പുകളും നടത്തുന്നതായി വാർത്താവിനിമയ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

ഈ കോളുകൾ ഇന്ത്യയിൽ നിന്ന് വിളിക്കുന്നതായി തോന്നും. എന്നാൽ കോളിംഗ് ലൈൻ ഐഡന്റിറ്റിയിൽ കൃത്രിമം കാണിച്ച് വിദേശത്ത് നിന്ന് സൈബർ കുറ്റവാളികളാണ് ഇത്തരത്തിൽ വിളിക്കുന്നത്.

ടെലികോം വകുപ്പ് നൽകിയ നിർദ്ദേശമനുസരിച്ച് ലാൻഡ്‌ലൈൻ നമ്പറുകളോടു കൂടിയ അന്താരാഷ്ട്ര വ്യാജ ഇൻകമിംഗ് കോളുകൾ

**ഇതിനകം തന്നെ ടെലികോം സേവന ദാതാക്കൾ ബ്ലോക്ക് ചെയ്തിട്ടുണ്ട്.**

✪✪✪

**കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ജനറൽ ഇൻഷുറൻസ് കമ്പനികൾക്കും ആയുഷ് ആശുപത്രി ഉടമകൾക്കും ന്യൂഡൽഹിയിൽ ഇന്ന് ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കും.ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർ വേദയിലാണ് പരിപാടി.പൊതുജനങ്ങൾക്ക് ആയുഷ് ചികിത്സയുടെ ലഭ്യത, താങ്ങാവുന്ന വില, ഇൻഷുറൻസ് കവറേജ് എന്നിവ ഉറപ്പുവരുത്തി ആശുപത്രികളെ എം പാനൽ ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കുമെന്ന് കേന്ദ്ര ആയുഷ് മന്ത്രാലയം അറിയിച്ചു.ആരോഗ്യ ഇൻഷുറൻസ് പദ്ധതികളിലെ ആയുഷ് ചികിത്സകൾക്ക് ആവശ്യമായ നിയന്ത്രണ ചട്ടങ്ങളും നയപരിപാടികളും ചർച്ച ചെയ്യും.**

✪✪✪

**സംസ്ഥാനത്ത് ഒരു വിഭാഗം ഉദ്യോഗസ്ഥർ അഴിമതിക്ക് ചൂട്ടു പിടിക്കുകയാണെന്നും ഫയൽ കാണാനില്ലെന്ന് പറയുന്നത് ഇവരുടെ പതിവാണെന്നും സംസ്ഥാന വിവരാവകാശ കമ്മിഷണർ ഡോ. A. അബ്ദുൽ ഹക്കിം പറഞ്ഞു. എറണാകുളം ജില്ലയിലെ തെളിവെടുപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.**

**വിവരാവകാശ അപേക്ഷകൾ ലഭിച്ചാൽ ഫയൽ കാണാനില്ല, വിവരം ലഭ്യമല്ല, ചോദ്യം വ്യക്തമല്ല തുടങ്ങിയ സ്ഥിരം മറുപടി നല്കുന്ന ഓഫീസർമാർക്ക് മിക്കപ്പോഴും ചില കാര്യങ്ങൾ ജനങ്ങളിൽ നിന്ന് മറച്ചു വയ്ക്കാനുണ്ടാവും.**

**ഫയൽ കാണാതാവുന്നത് ക്രമിനൽ കുറ്റമാണെന്നും, പബ്ലിക് റക്കോർഡ്സ് നിയമ പ്രകാരം ജയിൽ വാസം വരെ ശിക്ഷയായി ലഭിച്ചേക്കാമെന്നും ഡോ. ഹക്കിം പറഞ്ഞു.**

**തെളിവെടുപ്പിൽ പരിഗണിച്ച 15 കേസുകളിൽ 13 എണ്ണം തീർപ്പാക്കി.**

✪✪✪

**IPL ക്രിക്കറ്റ് കിരീടം കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന്.**

**ചെന്നൈയിലെ MA ചിദംബരം സ്റ്റേഡിയത്തിൽ നടന്ന ഫൈനലിൽ സൺറൈസേഴ്സ് ഹൈദരാബാദിനെ എട്ട് വിക്കറ്റിന്**

പരാജയപ്പെടുത്തിയാണ് IPL കിരീടത്തിൽ കൊൽക്കത്ത മൂന്നാം തവണ മുത്തമിട്ടത്.

ആദ്യം ബാറ്റ് ചെയ്ത സൺ റൈസേഴ്സ് ഹൈദരാബാദ്, 18.3 ഓവറിൽ 113 റൺസിന് പുറത്തായി. 114 റൺസ് വിജയലക്ഷ്യം പിന്തുടർന്ന കൊൽക്കത്ത 10.3 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 114 റൺസെടുത്ത് കിരീടം സ്വന്തമാക്കി.

മിച്ചൽ സ്റ്റാർക്കിനെ കളിയിലെ താരമായി തിരഞ്ഞെടുത്തു.

✪✪✪

ഉസ്ബക്കിസ്ഥാനിലെ താഷ്ക്കന്റിൽ ഏഷ്യൻ സീനിയർ ജിംനാസ്റ്റിക് ചാമ്പ്യൻ ഷിപ്പിൽ വനിതകളുടെ പോൾവോൾട്ടിൽ ഇന്ത്യയുടെ ഒളിമ്പ്യൻ ദീപ കർമ്മാക്കർ സ്വർണ്ണം നേടി. ആദ്യമായാണ് ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ ഒരു ഇന്ത്യൻ വനിതാ താരം പോൾവോൾട്ടിൽ സ്വർണ്ണം നേടുന്നത്. 2016 ലെ റിയോ ഒളിമ്പിക്സിൽ ഇന്ത്യയ്ക്കായി മത്സരിച്ച ആദ്യ വനിതാ പോൾവോൾട്ട് താരമാണ് ദീപ കർമ്മാക്കർ.

✪✪✪

ബാർ വിവാദ വിഷയത്തിൽ ജുഡീഷ്യൽ അന്വേഷണം വേണമെന്ന് മുസ്ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി P.K കുഞ്ഞാലിക്കുട്ടി ആവശ്യപ്പെട്ടു. തീയുള്ളത് കൊണ്ടാണ് പുക ഉയരുന്നതെന്ന് അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു. പ്ലസ് വൺ സീറ്റ് പ്രശ്നത്തിൽ ശക്തമായ പ്രക്ഷോഭം ഉണ്ടാകുമെന്നും, സീറ്റ് ഔദാര്യമല്ല അവകാശമാണെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു.

✪✪✪

വളർന്നു വരുന്ന തലമുറക്ക് മത വിദ്യാഭ്യാസത്തോടൊപ്പം ഭൗതിക-സാങ്കേതിക വിദ്യാഭ്യാസവും നൽകേണ്ടത് ഇന്നത്തെ കാലഘട്ടത്തിൽ അനിവാര്യം ആണെന്ന് ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം A.P അബൂബേക്കർ മുസ്‌ലിയാർ അഭിപ്രായപ്പെട്ടു. വർഗീയതയ്ക്കും , ഭീകര വാദത്തിനും ഇസ്ലാം എതിരാണെന്നും അദ്ദേഹം പറഞ്ഞു. തിരുവല്ല നിരണം ജാമിഅഃ അൽ ഇഹ്സാൻ സിൽവർ ജൂബിലി ഉത്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ചടങ്ങിൽ മാന്നാർ അബ്ദുൽ ലത്തീഫ് അധ്യക്ഷനായിരുന്നു.

✪✪✪

ഇന്നലെ പുലർച്ചെ അന്തരിച്ച ദേശീയ വടംവലി താരം കണ്ണൂർ മണിക്കടവിലെ മാത്യൂസ് മാത്യുവിന്റെ മൃതദേഹം നാളെ വൈകിട്ട് സെന്റ് തോമസ് ഫൊറോന പള്ളി സെമിത്തേരിയിൽ സംസ്കരിക്കും. ഈ മാസം അഞ്ചുവരെ ചെന്നൈയിൽ നടന്ന അഖിലേന്ത്യ സർവകലാശാല വടംവലി ചാമ്പ്യൻഷിപ്പിൽ സ്വർണമെഡൽ നേടിയ കാലിക്കറ്റ് സർവകലാശാല ടീമിലെ ഒന്നാം നമ്പർ താരമായിരുന്നു മാത്യൂസ് മാത്യു. 21 വയസ്സായിരുന്നു .

തൃശ്ശൂർ കൊടകര സഹൃദയ കോളേജിലെ അവസാന വർഷ ബി.എസ്.സി വിദ്യാർഥിയായിരുന്നു മാത്യൂസ് മാത്യു.

✪✪✪

കണ്ണൂർ തുളിച്ചേരി നമ്പ്യാർ മെട്ടയിൽ അയൽവാസികൾ തമ്മിലുണ്ടായ വാക്തർക്കത്തിനിടെ മർദനമേറ്റ് ഒരാൾ മരിച്ചു. അമ്പൻഹൗസിൽ അജയകുമാർ ആണ് മരിച്ചത്. ഇന്നലെ രാത്രിയാണ് സംഭവം. ഒരാൾക്ക് പരിക്കേറ്റു. ഓട്ടോറിക്ഷാഡ്രൈവറായ അയൽവാസിയും രണ്ട് മക്കളും ഉൾപ്പെടെ നാലുപേരെ ടൗൺ പൊലീസ് കസ്റ്റഡിയിലെടുത്തു. ഓട്ടോറിക്ഷ കഴുകുന്ന വെള്ളം റോഡിലേക്ക് ഒഴുക്കുന്നത് സംബന്ധിച്ചുണ്ടായ തർക്കമാണ് കൊലപാതകത്തിൽ കലാശിച്ചതെന്ന് പോലീസ് പറഞ്ഞു.

✪✪✪

തിരുവല്ല കോയിപ്രം കടപ്രയിൽ പ്രവർത്തിക്കുന്ന ബിറ്റുമിൻ പ്ലാന്റ് അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ട് ജനകീയ സമരസമിതി പ്ലാന്റിലേക്ക് ബഹുജന മാർച്ച് നടത്തി. ഡോ. ഗീവർഗീസ് മാർ കൂറിലോസ് ഉദ്ഘാടനം ചെയ്തു. രൂക്ഷമായ ആരോഗ്യപ്രശ്നങ്ങൾ സാധാരണ ജനങ്ങൾക്ക് സമ്മാനിക്കുകയാണ് പ്ലാന്റ് ചെയ്യുന്നതെന്നും പ്ലാന്റ് ഉടമയ്ക്ക് വേണ്ടി ജനങ്ങളെ ദ്രോഹിക്കുന്ന നടപടി ഉടൻ അവസാനിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

✪✪✪

ഈ മാസം മുപ്പത്തൊന്നിനകം സംസ്ഥാനത്ത് കാലവർഷം എത്തിയേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. സംസ്ഥാനത്ത് ഇന്നലെ പലയിടത്തും ശക്തമായ മഴ ലഭിച്ചു . ഇന്ന് രാത്രി കടൽ കൂടുതൽ പ്രക്ഷുബ്ധമാകാൻ സാധ്യതയുണ്ടെന്നും കാലാവസ്ഥാവകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪